<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 879</u> <u>11-02-2025 - ൽ മറുപടിയ്ക്ക്</u>

<u>കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | **തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ കുറ്റിച്ചൽ എം.ആർ.എസ് കെട്ടിടനിർമ്മാണത്തിനായി വാലിപ്പാറയിൽ വനാവകാശ നിയമ പ്രകാരം ലഭിച്ച ഒരു ഹെക്ടർ സ്ഥലത്തു നിർമ്മാണം നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും ബഹു.ഹൈക്കോടതി പ്രവർത്തി സ്റ്റേ ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിനായി കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ തന്നെ പാങ്കാവിൽ ഭൂമി കണ്ടെത്തി ആയത് വകുപ്പിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുകയും മരങ്ങൾ മുറിച്ച് മാറ്റി നിർമ്മാണത്തിനായി സൈറ്റ് ക്ലിയർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. KIIFB ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുന്ന ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ഭരണാനുമതി ലഭിച്ച തുകയിൽ നിജപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ